2. കയിലിയാട് സർവ്വീസ് സഹകരണ ബാങ്ക് -- ഒരു കർഷകന് 34,799 രൂപയടക്കം ആകെ 51,719 രൂപയാണ് എഴുതിത്തള്ളിയത്.

(ഡി) 1.50 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടിക ജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പകളിൽ 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും, കുടിശ്ശികയായിട്ടുള്ളതുമായ 25,000 രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും ഉൾപ്പെടെ ഗുണഭോക്താവിന്റെ പേരിലുള്ള ഒരു വായ്പ എഴുതിതള്ളുന്നതിനും അതിനുമുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയും അതാത് സ്ഥാപനങ്ങൾ എഴുതി തള്ളേണ്ടതാണെന്നും, ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാദ്ധ്യതയായിരിക്കുമെന്നും ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പട്ടം സർവ്വീസ് സഹകരണ ബാങ്കിൽ കളക്ഷൻ ഏജന്റ് നടത്തിയ തിരിമറി

11 (4066) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പട്ടം സർവ്വീസ് സഹകരണ ബാങ്കിൽ കളക്ഷൻ ഏജന്റ് എത്ര ഉപഭോക്താക്കളിൽ നിന്നാണ് പണം തട്ടിയെടുത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ആളുകൾക്ക് സംഘം നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ; ആകെ എത്ര രൂപയുടെ തട്ടിപ്പാണ് നടത്തിയത് ;

(സി) സംഘത്തിനുണ്ടായ നഷ്ടം ഏജന്റിൽ നിന്നും ഈടാക്കാൻ എന്തു നടപടി സ്വീകരിച്ചു ; കളക്ഷൻ ഏജന്റിന് ബാങ്കിൽ ഉണ്ടായിരുന്നതും ഏജന്റിന്റെ മേൽനോട്ടത്തിൽ ഉള്ളതുമായ നിക്ഷേപങ്ങൾ പിൻവലിച്ചിട്ടുണ്ടോ ;

(ഡി) ഏജന്റിനെ പുറത്താക്കിയ വിവരം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൂന്ന് ഉപഭോക്താക്കളിൽ നിന്നും കളക്ഷൻ ഏജന്റ് പണം തട്ടിയെടുത്തിട്ടുണ്ട്.

(ബി) നഷ്ടപരിഹാരം ആർക്കും നൽകിയിട്ടില്ല. ആകെ 45,458 രൂപയുടെ തട്ടിപ്പാണ് നടത്തിയത്.

(സി) സംഘം രസീത് നൽകിയിട്ടുള്ള യാതൊരു തുകയും സംഘത്തിന് നഷ്ടപ്പെട്ടിട്ടില്ല. നിക്ഷേപം തിരികെ ലഭിച്ചിട്ടില്ല എന്ന് പരാതിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപങ്ങൾ, ബാങ്കിന്റെ രസീത് സഹിതം ബാങ്കിനെ സമീപിക്കുന്ന പക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ടി കളക്ഷൻ ഏജന്റിന്റെ സെക്യൂരിറ്റി നിക്ഷേപ തുകയായ 15,000 രൂപ ബാങ്കിൽത്തന്നെ നിക്ഷേപമായിട്ടുണ്ട്.

(ഡി) പത്ര പരസ്യം ചെയ്തിട്ടില്ല. ഏജന്റിനാൽ കബളിക്കപ്പെടാതിരിക്കാൻ പിഗ്മി കളക്ഷൻ വരിക്കാരായുള്ള എല്ലാവരേയും രജിസ്റ്റേഡ് നോട്ടീസ് മുഖാന്തിരം സംഘം വിവരം അറിയിച്ചിട്ടുണ്ട്.

സഹകരണ വായ്പകളുടെ പലിശ മുതലിനെക്കാൾ അധികമായി ഈടാക്കരുതെന്ന നിർദ്ദേശം

12 (4067) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങൾ നൽകുന്ന വായ്പകളുടെ പലിശയും മറ്റു ചെലവുകളും മുതലിനേക്കാൾ അധികമായി ഈടാക്കരുതെന്ന നിർദ്ദേശം ഉണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം വായ്പകളാണ് പ്രസ്തുത ഇനത്തിൽ വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് പ്രസ്തുത ഉത്തരവ് ബാധകമാണോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ നൽകുന്ന വായ്പയുടെ പലിശയും മറ്റു ചെലവുകളും മുതലിനേക്കാൾ അധികമായി ഈടാക്കരുതെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 14-1-2010-ലെ 2/2010 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത സർക്കുലർ നിർദ്ദേശം ഒരു നിശ്ചിത കാലയളവ് നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിക്കപ്പെട്ടവയാണെങ്കിലും 5 ലക്ഷം രൂപ വരെയുള്ള കുടിശ്ശിക വായ്പകൾ മുതലിനേക്കാൾ പലിശ അധികരിക്കാതെ അവസാനിപ്പിക്കുന്നത് സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഒരു പൊതു നയമായി സ്വീകരിച്ച് സഹകരണ സംഘങ്ങൾ നടപടികൾ കൈകൊണ്ടു വരുന്നുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും പ്രാഥമിക, ജില്ലാ, സംസ്ഥാനതലങ്ങളിൽ പ്രവർത്തിക്കുന്നതുമായ എല്ലാ വിഭാഗത്തിലുംപെടുന്ന സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന സഹകരണ കാർഷിക/കാർഷികേതര വായ്പകൾ പ്രസ്തുത സർക്കുലറിന്റെ പരിധിയിൽ വരുന്നതാണ്.

(സി) സ്വന്തമായി ഫണ്ടില്ലാതെ കേന്ദ്ര ബാങ്കിൽ നിന്നും, നബാർഡിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, ടി മേഖലയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly